*മിസ്റ്റർ ടി. കെ. നായർ: സർ, പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധമാക്കണമെന്നുള്ള ഈ പ്രമേയത്തോടുകൂടി ഞാൻ ബലമായി യോജിക്കുന്നു. ഈ വിഷയത്തിൽ വലിയ പ്രസംഗമൊന്നും ആവശ്യമില്ല. ഇതു ഈ നിയമസഭയിലെ അനുഭ്യോഗസ്ഥ ഭൂരിപക്ഷം സമ്മതിച്ചിട്ടുള്ള ഒരു സംഗതിയാണു്. ഈ ആവശ്യത്തിനു ഒരു പ്രത്യേക നികുതി ചുമത്തിയേ കഴിയൂ എന്നുള്ള അഭിപ്രായ വ്യത്യാസം വന്നപ്പോൾ മാത്രമാണു അന്നത്തെ ബിൽ തള്ളിക്കളഞ്ഞതു്. ആ ഒരു ന്യായത്തിന്മേൽ പിന്നെ ഗവൺമെൻറും ഇതിൽ നേരിട്ട ഒന്നും പ്രവൃത്തിക്കാതിരുന്നു. ഏതൊരു പരിഷ്കൃത ഗവൺമെൻറിനും ആ രാജ്യത്തിലെ പ്രജകൾക്കു പ്രാഥമിക വിദ്യാഭ്യാസം കൊടുക്കാതിരിക്കുവാൻ നിവൃത്തിയുണ്ടെന്നു എനിക്കു തോന്നുന്നില്ല. പ്രത്യേകിച്ചും നമ്മുടെ ഗവൺമെൻറ ഈ വിഷയത്തിൽ ഉറങ്ങിക്കിടന്നതു അവർക്കു എന്നും തീർക്കാൻ സാധിക്കാത്തതായ ഒരു പോരായ്മയാണെന്നുമാത്രമെ എനിക്കു പറയുവാനുള്ളു. ഇതിൽ ഏപ്പോഴും പറയാറുള്ള മുടന്തൻ ന്യായം ഡയറക്ടർ പറയും. അതായതു് നമ്മുടെ രാജ്യത്തു ൻവു ശതമാനവും വിദ്യാഭ്യാസമുള്ളവരാണു്; യാതൊരു നിർബ്ബന്ധവും ക്രൂടാതെതന്നെ രക്ഷിതാക്കന്മാർ അവരുടെ കുട്ടികളെ സ്കൂളിൽ അയക്കുന്നുണ്ടു്; ആ സ്ഥിതിക്കു ഇവിടെ കമ്പൽഷൻ ആവശ്യമില്ല—ഇതൊക്കെയാണു് ഡയറക്ടർ ഇതിനു മറുപടി പറയാൻപോകുന്നതു്. ഈവക ന്യായത്തിനു ഒരടിസ്ഥാനവുമില്ല. ഇതു പറയുന്നതോടുകൂടി ഞാൻ മിസ്റ്റർ വിശ്വംഭരന്റെ അഭിപ്രായത്തോടു യോജിക്കുന്നുമില്ല. കോളേജ് വിദ്യാഭ്യാസം നമുക്കിവിടെ ആവശ്യമാണു്. ഗവൺമെൻറിന്റെ ധനസ്ഥിതി അനുവദിക്കുന്നുണ്ടെങ്കിൽ ഇനി ഒരു ഇരുപതുലക്ഷം ഉറുപ്പിക കൂടി ഇതിലേക്കു കളയുവാൻ എനിക്കു സമ്മതമാണു്. ഇതോടുകൂടി ഞാൻ ഒരു സംഗതി ഗവൺമെൻറിനെ ഓർമ്മിപ്പിക്കുന്നു. കോളേജ് രാമവർമ്മപുരത്തുനിന്നും ഇങ്ങോട്ടു വരുത്തേണ്ടതിനായുള്ള റസല്യൂഷൻ ഏതുതരത്തിലാണു ഇവിടെ പാസായതെന്നു ഗവൺമെൻറ ഒന്നാലോക്കണം. രാമവർമ്മപുരത്തു ഒരു ടെക്കനോളജിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കാമെന്നു നിശ്ചയിച്ചാണു് ആർട്ട്സു് കോളേജ് ഇങ്ങോട്ടു കൊണ്ടുപോന്നതു്. എന്നാൽ രാമവർമ്മപുരത്തു ടെക്കനോളജിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ ഇതേവരെയും ഉണ്ടായിട്ടില്ല.

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

അവിടെയുള്ള ആളുകൾ കുറക്കന്മാർ, നരികൾ, മറയർ ഇതൊക്കെ പറഞ്ഞ സംഗതികളായിട്ട ഇരിക്കട്ടെ. ഈ കോളേജ് എഡ്യുക്കേഷൻ നമുക്കാവശ്യമുണ്ട്. അതു ഗവമ്മെൻറ ആലോചിച്ചാൽ കൊള്ളാമെന്നുമാത്രമെ ഞാൻ പറയുന്നുള്ള.

ഒരുഭാഗം ഇതിൽ ഗവമ്മെൻറിനു ഒഴിച്ചുകൂടുവാൻ പാടില്ല. അതായതു സ്ത്രീനു നികുതി ചുമത്തണമെന്നുണ്ടെങ്കിൽ ചുമത്തണം. ഇതിലേക്കു ഒരു ബില്ല കൊണ്ടുവന്നു അവസരത്തിൽ നികുതി ചുമത്താൻ വിരോധമില്ല എന്നുള്ള ഒരുനിലയെടുത്തിട്ടുള്ളതാണു്. അതുകൊണ്ടു ഇപ്പോൾ നികുതി ചുമത്തണമെന്നുണ്ടെങ്കിൽ നികുതി ചുമത്തിയിട്ടും പ്രാഥമിക വിദ്യാഭ്യാസം ഇവിടെ നിബ്ബന്ധമായിട്ട നടപ്പിൽ വരുത്തണം. ഗവമ്മെൻറ അതു ചെയ്യുന്നില്ലെങ്കിൽ ഉടനെ കഴിഞ്ഞകൊല്ലത്തിൽ പാസായ ഒരു റസലൂഷനെ സ്വീകരിച്ചു ഒരു മന്ത്രിയെ വെക്കുക. ഒന്നൊരണ്ടൊ ഡിപ്പാർട്ടുമെൻറും ഏല്പിച്ചുകൊടുക്കുക. മന്ത്രി നികുതിചുമത്തുവാൻ ആവശ്യപ്പെട്ടാൽ അതു പാസാകും. ഇപ്പോഴത്തെ മന്ത്രി നികുതി ചുമത്തണമെന്നാവശ്യപ്പെട്ട. അതു് ഈ നിയമസഭ പാസാക്കികൊടുത്തു. പക്ഷെ അതു് ഇന്നു നടപ്പിൽ വരുത്തീട്ടില്ല. അതുപോലെ പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധമാക്കുവാൻ ഞങ്ങളുടെ മന്ത്രി നികുതി ചുമത്തണമെന്നു പറഞ്ഞാൽ അതു ഞങ്ങൾ വിശ്വസിക്കും; ഞങ്ങളതു പാസാക്കിക്കൊടുക്കും. ഡയറക്ടരുടെ മറുപടിയിൽ ഇതു് വേഗത്തിൽ ഒരു മന്ത്രിയെ ഏല്പിച്ചുകൊടുക്കാമെന്നു പറയേണ്ട കാര്യമെയുള്ള. അതുകൊണ്ടു അവതാരകൻ പറഞ്ഞപോലെ കഴിയുന്നതുംവേഗത്തിൽ ഓരൊ സ്ഥലത്തു് പരീക്ഷാർത്ഥമായിട്ടെങ്കിലും ഇതു തുടങ്ങേണമെന്നാണു എൻെറ അഭിപ്രായം.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഗവമ്മെൻറുഭാഗത്തുനിന്നും പ്രധാനമായി, അനുദ്യോഗസ്ഥപക്ഷത്തുനിന്നും കൊണ്ടുവരുന്ന നിബ്ബന്ധവിദ്യാഭ്യാസം സംബന്ധിച്ചു പ്രമേയങ്ങൾക്കും ബില്ലുകൾക്കും പറഞ്ഞിട്ടുള്ള ഒരു ന്യായം—ഒരെതിരു—ഈ രാജ്യത്തു നിബ്ബന്ധമില്ലാതെ പഠിക്കുവാൻ വരുന്ന കുട്ടികൾക്കുവേണ്ട സൗകര്യം കൊടുക്കുവാൻ ഗവമ്മെൻറിനു സാധിച്ചിട്ടില്ല എന്നാണു്. നിബ്ബന്ധംകൂടാതെതന്നെ ധാരാളം കുട്ടികൾ ഈ രാജ്യത്തു പഠിക്കുവാൻ വരുന്നുണ്ടു്; അവക്കു ആവശ്യമുള്ള സ്ഥലം കൊടുക്കുവാൻ നിവൃത്തിയില്ല; പിന്നെ എന്തിനാണു് നിബ്ബന്ധം എന്നു ഗവമ്മെൻറ ചോദിക്കുന്നു. എന്നാലും നിബ്ബന്ധം വേണമെന്നാണു് ഞാൻ പറയാൻപോകുന്നതു്. കൊച്ചിരാജ്യത്തെക്കാൾ സമനസ്സാൽ മാതാപിതാക്കന്മാർ കുട്ടികളെ പഠിക്കുവാൻ അയക്കുന്നതിൽ അധികമായ ഉത്സാഹം കാണിക്കുന്നതക്കവിധത്തിൽ പരിഷ്കാരം എത്തിയിട്ടുള്ള രാജ്യങ്ങളിലും നിബ്ബന്ധവിദ്യാഭ്യാസമുണ്ടു്. ആവക രാജ്യങ്ങളിൽ നിബ്ബന്ധവിദ്യാഭ്യാസം നടപ്പാക്കിയിരിക്കുന്നതു കൊച്ചി ഗവമ്മെൻറ ധരിച്ചിരിക്കുന്നു കാരണംകൊണ്ടല്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: അതു വളരെ മുമ്പാണു് നടപ്പാക്കീട്ടുള്ളതു്.

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെ ഇപ്പോഴും നിലവിലുണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: എവിടെയാണു?

മിസ്റ്റർ കെ. അയ്യപ്പൻ: പാശ്ചാത്യരാജ്യങ്ങളിൽ.

മിസ്റ്റർ എ. വി. മുത്തേടൻ: മദ്രാസ്സിലുണ്ടൊ?

മിസ്റ്റർ കെ. അയ്യപ്പൻ: മദ്രാസ്സിനെ അതു പരിഷ്കൃത രാജ്യമായി ഞാൻ ഗണിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. വി. മൂത്തേടൻ : റഷ്യയിലുണ്ടോ ?

മിസ്റ്റർ കെ. അയ്യപ്പൻ : റഷ്യയിലെ പരിഷ്കാരത്തിലേക്കു നാം പോകാറാ യിട്ടില്ല. റഷ്യയിൽ പോയി അവിടത്തെ സ്ഥിതിഗതികളും കണ്ടറിഞ്ഞ മഹാ പണ്ഡിതനായ രവീന്ദ്രനാഥടാഗോർ പറഞ്ഞതു റഷ്യയെപ്പറ്റി ആക്ഷേപിക്കുന്ന ആളുകളും അവിടത്തെ വിദ്യാഭ്യാസ സമ്പ്രദായം ഒന്നു നോക്കുക എന്നാണു്. അതിനുള്ള സൌകര്യമാണു് അവിടെ വിദ്യാഭ്യാസത്തിനുള്ളതു്. അതുകൊണ്ടു റഷ്യ യുടെ കാര്യം നാം ഇവിടെ പറയേണ്ട.

വിദ്യാഭ്യാസത്തിനു നിർബ്ബന്ധം വേണമെന്നു പറയുന്നതു് ആ നിർബ്ബന്ധം കൊണ്ടു ചില പ്രയോജനം ജനങ്ങൾക്കുള്ളതുകൊണ്ടാണു്. നിർബ്ബന്ധ വിദ്യാഭ്യാ സത്തിൽ അടങ്ങിയിരിക്കുന്ന നിർബ്ബന്ധതപം ഗവൺമെണ്ടിന്റെ മേലാണു് പ്രധാ നമായി ചെല്ലുന്നതു്. പണമില്ലെന്നോ മറ്റോ കാരണം പറഞ്ഞു, ജനങ്ങൾക്കു എല്ലാ വിദ്യാഭ്യാസം കൊടുക്കുന്ന ചുമതലയിൽനിന്നു ഗവൺമെണ്ടിനു ഒഴിയാൻ പാടില്ലാതാക്കുന്നതാണു് ആ നിർബ്ബന്ധം.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ നിർബ്ബന്ധം ഗവൺമെണ്ടിനെയാണോ ബാധിക്കുന്നതു് ?

മിസ്റ്റർ കെ. അയ്യപ്പൻ : അധികവും ഗവൺമെണ്ടിനെയാണു് ബാധിക്കുന്നതു്. ഇതു നല്ലപോലെ ആലോചിക്കുവാനുള്ളതാണു്. പണമില്ലെന്നു ഗവൺമെണ്ടു പറയുന്നതു ശരിയാണു്. ആ കാര്യത്തിൽ ഞാൻ ഗവൺമെണ്ടിനോടു പൂർണ്ണമായി യോജിക്കുന്നു. പണം ഉണ്ടാക്കുവാനുള്ള വഴി ഗവൺമെണ്ടു് എടുക്കുമ്പോൾ അതി വിടെ കൌശലത്തിൽ സമ്മതമാണെന്നു പറഞ്ഞാൽ പോര. മിസ്റ്റർ കോഡറിൽ നിന്നും മിസ്റ്റർ ഈസ്സാ സേട്ടുവിൽനിന്നും മാത്രം ഇതിനുള്ള നികുതി പിരിച്ചാൽ പോരാ. നിർബ്ബന്ധവിദ്യാഭ്യാസം ഇവിടെ നടപ്പാക്കുന്നതിലേക്കു ഒരു എഡ്യൂക്കേ ഷൻ സെസ്സു ചുമത്തണമെങ്കിൽ അതു് എല്ലാവരിലും ചുമത്തേണ്ടിവരും. അതി നുള്ള നികുതി എല്ലാവരും കൊടുക്കേണ്ടിവരും.

മിസ്റ്റർ സി. വി. ഐപ്പു: ഇതിനെ അനുകൂലിക്കാതിരിക്കുന്നതു് ഇപ്പോൾ ടാക്സു് അധികം കൊടുത്തുവരുന്ന സമുദായക്കാരാണു്.

മിസ്റ്റർ കെ. അയ്യപ്പൻ : വേണ്ടിവന്നാൽ ഇതിലേക്കു് ഒരു ടാക്സു് കൊടുക്കു വാൻ തയ്യാറുണ്ടെങ്കിൽ മാത്രമെ നിയമസഭ ഇതിനെ അനുകൂലിക്കുവാൻ പാ ടുള്ളൂ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : അതിനു വേറെ പണം എടുക്കാനുണ്ടല്ലൊ.

മിസ്റ്റർ കെ. അയ്യപ്പൻ : അതു വെറുതെയാണു്. എന്റെ സ്നേഹിതനോടു ഞാൻ പറയുന്നു, ഒരു തവണത്തെ ബഡ്ജറ്റു് ഒന്നു തയ്യാറാക്കുവാൻ. അപ്പോൾ അറി യാം പണം എവിടെ നിന്നു കൊണ്ടുവരുമെന്നു്. നമുക്കു് ഒരു ഡിപ്പാർട്ട്മെണ്ടിലെ ചിലവു ചുരുക്കി മറ്റൊരു ഡിപ്പാർട്ട്മെണ്ടിലേക്കു കൂട്ടാമെന്നല്ലാതെ അതുകൊണ്ടു് പ്രയോജനമുണ്ടാകയില്ല. വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറച്ചാലും നിർബ്ബന്ധവിദ്യാഭ്യാസത്തിനു ആവശ്യമായ പണം ഉണ്ടാകയില്ല. ശമ്പളം കുറച്ചതു കൊണ്ടോ മറ്റു വിധത്തിൽ ഡിപ്പാർട്ട്മെണ്ടുകളിൽ റിട്രഞ്ച്മെൻറു ചെയ്തതു കൊണ്ടോ അതു കിട്ടുകയില്ല. കോളേജു് വിദ്യാഭ്യാസവും കലാപരമായ വിദ്യാഭ്യാ സവും കലാമണ്ഡലവുമൊക്കെ നമുക്കു വേണം. നിർബ്ബന്ധവിദ്യാഭ്യാസവിഷയ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു വേണ്ടി അതുകളെ ആക്ഷേപിച്ചു പറഞ്ഞിട്ടു കാര്യമില്ല. കോളേജ് വിദ്യാഭ്യാസം വേണ്ടെന്നു ഞാൻ പറയുന്നതു സാധുക്കളെ ഉദ്ദേശിച്ചാണു്. കോളേജില്ലാതെ തന്നെ കൊട്ടങ്ങല്ലൂർ കോവിലകത്തു് എത്ര പണ്ഡിതന്മാരുണ്ടായി! കോളേജിന്റെ ആവശ്യം പ്രധാനമായി മിസ്റ്റർ വിശ്വംഭരൻ പറഞ്ഞിട്ടുള്ള നിലനവസ്ഥയുടെ രക്ഷക്കാണു്. വിദ്യാഭ്യാസത്തിന്റെ മാധുര്യവും സംസ്കാരവും സാധുക്കൾക്കു് ആസ്വദിക്കുവാൻ ഈ കലാശാലകൾ ഉപകരിക്കുന്നുണ്ടു്. ധനികന്മാർക്കു് അതിനിവിടെ സൌകര്യമില്ലെങ്കിൽ അതു വേറെ എവിടെ നിന്നെങ്കിലും കിട്ടും. നമുക്കിപ്പോൾ നിർബ്ബന്ധവിദ്യാഭ്യാസം വേണമെങ്കിൽ അതിനു ഗവർമ്മെണ്ടിനെ നാം നിർബ്ബന്ധിക്കണം. ഇതിനു ഗവർമ്മെണ്ടു പുതിയ ടാക്സു് ചുമത്തുമ്പോൾ ഒരു പ്രകാരത്തിലുമുള്ള എതിരുകളും, എലക്ഷൻ അടുത്തിരുന്നാലും ശരി, പറയുവാൻ നമ്മളും ഒരുക്കമില്ല എന്നു തെളിയിക്കണം. ശരിയായിട്ടു ഗവർമ്മെണ്ടിനെ ഈ കാര്യത്തിൽ, മന്ത്രിഭരണത്തിലുള്ള ഗവർമ്മെണ്ടായാലും ശരി, റിസർവ്ഡ് വകുപ്പു് ഗവർമ്മെണ്ടായാലും ശരി; ഇതിലേക്കു സെസ്സു കൊണ്ടുവരുമ്പോൾ താങ്ങുവാൻ തയ്യാറായി നില്ക്കുവാൻ ധൈര്യമുണ്ടെങ്കിൽ മാത്രമെ നിർബ്ബന്ധവിദ്യാഭ്യാസം വേണമെന്നു ആവശ്യപ്പെടേണ്ടതുള്ളൂ.

ഇനി കോളേജു വിദ്യാഭ്യാസംകൊണ്ടു വന്നിട്ടുള്ള ആപത്തുകളെപ്പറ്റി പറഞ്ഞതിനു് ഒരു വാക്കു പറയാം. ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസു വളരെ നല്ല നിലയിൽ ഇരിക്കുന്ന പരിഷ്കൃതരാജ്യങ്ങളിലും ഉദ്യോഗങ്ങൾക്കുള്ള പിടിവലികൾക്കു് ഒരു കുറവുമില്ല. ഉദ്യോഗമാണു കുറെ എളുപ്പമുള്ള ജീവനമാർഗ്ഗമെന്നു വെച്ചു് അതിനു ശ്രമിക്കുന്നു എന്നല്ലാതെ വിദ്യാഭ്യാസമൊ കോളേജു വിദ്യാഭ്യാസമൊ അതിനുത്തരവാദിയല്ല. തൊഴിലില്ലായ്മക്കും മറ്റും അവതിവരുത്തണമെന്നുണ്ടെങ്കിൽ വിദ്യാഭ്യാസംകൊണ്ടു കസത്തുകളിച്ചാൽ പോരാ. അതിനു് ഒരു സോഷ്യൽ റികൺസ്ട്രക്ഷൻ വേണം. വളരെ മഹനീയമായ ഏറ്റവും പ്രയോജനകരമായ ഒരു നല്ല നിശ്ചയത്തെ ക്രാംഗസ്സർ മെമ്പറും മറ്റും കളിയാക്കുവാൻ ഇടയായതിൽ ഞാൻ വ്യസനിക്കുന്നു.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: കളിയാക്കിയല്ല പറഞ്ഞതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഏതായാലും ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: സർ, ഈ പ്രമേയത്തെപ്പറ്റി അധികമൊന്നും പ്രസംഗിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിൽ കൊച്ചീരാജ്യത്തെ ജനങ്ങൾക്കു് ഒട്ടാകെ അപമാനം ബാധിക്കുന്ന ഒരു സംഗതിയുണ്ടു്. അതു എടുത്തുകളഞ്ഞാൽ ഈ പ്രമേയത്തോടു യോജിക്കുന്നതിനു എനിക്കു വിരോധമില്ല. അതായതു് പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധമാക്കണമെന്നു പറഞ്ഞിട്ടുള്ള ഭാഗം നിർബ്ബന്ധമാക്കണമെന്നു പറഞ്ഞാൽ നിർബ്ബന്ധിക്കാതെ പൊതുജനങ്ങളിൽ ഒരു വിഭാഗം സ്വമനസ്സാലെ വിദ്യാഭ്യാസത്തിനു വന്നുചേരുകയില്ലെന്ന അർത്ഥമുണ്ടു്. ഉദാഹരണം പറയാം. മിസ്റ്റർ A ഇനി മര്യാദക്കാരനായി നടക്കണമെന്നു പറഞ്ഞാൽ അതുകേൾക്കുന്ന ആളുകൾ മിസ്റ്റർ A മര്യാദയില്ലാതെ നടക്കുന്ന ആളാണെന്നു ധരിക്കും. ഇതേവരെ പൊതുജനങ്ങളാരും വിദ്യ അഭ്യസിപ്പിക്കുന്നതിനു കുട്ടികളെ ആരുടെയും നിർബ്ബന്ധം കൂടാതെ അയക്കാറാണു പതിവു്. എന്റെ നാട്ടിലെ ജനങ്ങൾ പ്രത്യേകിച്ചും ഞാൻ പ്രധിനിധീകരിക്കുന്ന തൃശ്ശിവപേരൂർ താലൂക്കിലെ തിയ്യർ സ്കൂളിലേക്കു പോകാറായ കുട്ടികളെ സ്കൂളിലേക്കു അയക്കുവാൻ മടിയുള്ളവരല്ല. ഈ പ്രമേയം വായിച്ചാൽ കുട്ടികളെ സ്കൂളിലേക്കയക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന്റെ അവർ മടിയുള്ളവരാണെന്നു പുറത്തുള്ളവർ ധരിക്കാനിടയുണ്ട്. അതു കൊണ്ടാണു് ഞാൻ ഇതു അപമാനകരമെന്നു പറഞ്ഞതു്.

ഒരു പ്രൈമറി സ്കൂൾ നടത്തുന്നു പല കായ്ത്തിലും എനിക്കു ഇടപെടേണ്ടതായി വന്നിട്ടുണ്ടു്. സ്കൂൾ തുറക്കുന്ന അവസരത്തിൽ ധാരാളം കുട്ടികൾ വന്നു ചേരും. ഓരോ വീട്ടിൽനിന്നും സ്കൂളിൽ പോകേത്തക്ക പ്രായമായ കുട്ടികളെ കൈപിടിച്ചുവന്നുചേക്കും. അദ്ധ്യാപകന്മാർ ഓരോവീട്ടിലുംപോയി സ്കൂളിൽ ചേരാത്ത കുട്ടികളുണ്ടോ എന്നന്വേഷിക്കാറുമുണ്ടു്. സ്കൂൾ തുറന്നു ഒരാഴ്ചകഴിഞ്ഞാൽ ക്ലാസിൽ കുട്ടികളുടെ വരവു കുറയുകയായി. ആദ്യം വരുമ്പോൾ ഒരു മുടുണ്ടാകും. പിന്നെ അതിന്നു പ്രയാസമായിട്ടുവരും. അങ്ങിനെ വരാതിരിക്കും. സ്കൂളിൽ പോകുന്നതിന്നു വേണ്ടതായ പുസ്തകങ്ങൾ, സ്ലേറ്റു മുതലായതു മേടിക്കേണ്ട ഘട്ടത്തിൽ ചില കുട്ടികൾ വരാതാകും. കാലത്തു് സ്കൂളിലേക്കു പോകുന്നതിന്നുമുമ്പായി ജാരാഗ്നി ശമിപ്പിക്കുന്നതിന്നും എന്തെങ്കിലും കൂടാതെ കഴികയില്ല. അതു സാധിച്ചില്ലെന്നു വരും. ഉച്ചക്കു ഭക്ഷണം കിട്ടുവാൻ സാധിച്ചില്ലെങ്കിൽ അപ്പോഴും വരാതിരിക്കും. പിന്നെ പുറത്തുള്ള പണികൾക്കായി അച്ഛനും അമ്മക്കും പോകേണ്ടി വരും. കുട്ടികൾക്കു, സ്കൂളിൽ പോകുന്ന കുട്ടികൾക്കും വീട്ടിൽ സ്കൂളിൽ പോവാൻ പ്രായമാകാതെ ഇരിക്കുന്നവക്കും തമ്മിൽ ഒന്നോ രണ്ടോ വയസ്സിനെ വ്യത്യാസമുണ്ടായിരിക്കയുള്ളു. മറ്റു ചെറിയ കുട്ടികളെ നോക്കാൻ അച്ഛനും അമ്മയും വരുന്നതുവരെ കാത്തുകൊണ്ടിരിക്കേണ്ടി വരും. ഇങ്ങിനെ പല കാരണങ്ങൾ കൊണ്ടാണു് കുട്ടികൾ സ്കൂളിൽ പോകാത്തതു്. സ്വമനസ്സാലെ ആരും പോകാതിരിക്കയില്ല. ഞങ്ങൾ സ്കൂളിൽ നിർബ്ബന്ധമായിട്ടു് പോകയില്ല എന്നു ശാഠ്യം പിടിച്ചു ആരും ഇരിക്കാറില്ല. പഠിക്കുന്നതിന്നു സമ്മതിച്ചു വരുന്ന കുട്ടികളെ പഠിപ്പിക്കുവാനുള്ള പണം ഉണ്ടാക്കുന്നതിന്നു ഗവർമ്മേണ്ടിനെ നിർബ്ബന്ധിക്കണം. നിർബ്ബന്ധം എന്നുള്ളതു് സർക്കാരിനെ ബാധിക്കുന്നതാണെന്നു ബഹുമാനപ്പെട്ട കണയന്തൂർ ഈഴവമെമ്പർ ഇവിടെ പറഞ്ഞു. പക്ഷെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു് സർക്കാരിനെ ഉദ്ദേശിച്ചല്ല, പ്രജകളെ ഉദ്ദേശിച്ചാണു്. അതുകൊണ്ടു് ഇതിലെ 'നിർബ്ബന്ധം' എന്നുള്ളതു എടുത്തുകളയണം. നിർബ്ബന്ധം വേണമെന്നു പറഞ്ഞാൽ അതുകൊണ്ടു് എന്റെ സമുദായത്തിൽപെട്ട ആളുകൾക്കു വളരെ പോരായ്മയുണ്ടു്. പ്രാഥമിക വിദ്യാഭ്യാസം രണ്ടുവിധത്തിലാണു് നടത്തിവരുന്നതു്. അതായതു സർക്കാരിൽനിന്നു നേരിട്ടും ഏയിഡഡ് സ്കൂൾ മുഖാന്തിരവും. അധിക വിദ്യാഭ്യാസവും ഏയിഡഡ് സ്കൂളിൽനിന്നാണു കൊടുത്തുവരുന്നതു്. അങ്ങിനെയുള്ള എയിഡഡ് സ്കൂളുകളിൽ പുതിയ പുതിയ ക്ലാസ്സുകൾ തുറക്കുമ്പോൾ എയിഡഡ് സ്കൂൾതന്നെ പുതുതായി തുടങ്ങുന്ന അവസരത്തിൽ അതിന്നു ഗ്രാണ്ടുകൊടുക്കുന്നുണ്ടോ എന്നു നോക്കിയാൽ തീരെ കൊടുക്കുന്നില്ലെന്നു കാണാം. പുതിയ ക്ലാസ്സുകൾക്കു ഗ്രാൻറു താമസംകൂടാതെ കൊടുക്കുക, പുതിയ സ്കൂളുകൾ തുടങ്ങുമ്പോൾ ഗ്രാൻറു കൊടുക്കുക മുതലായ ചെയ്താൽ വിദ്യാഭ്യാസം ശരിക്കു നടക്കും. അപ്പോൾ കമ്പൽഷനില്ലാതെ വിദ്യാഭ്യാസം പ്രചാരമായിക്കൊള്ളും. പുതിയ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതു കൊണ്ടു് അഭിമാനത്തിന്നു വകയില്ല. സർക്കാരിൽ നിന്നു കൊടുക്കേണ്ട ഗ്രാൻറു മുഴുവനും കൊടുക്കുക. ഇങ്ങിനെ ചെയ്താൽ നിർബ്ബന്ധം കൂടാതെ തന്നെ ഇവിടത്തെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടും. ഇത്രമാത്രമെ ഞാൻ പറയുന്നുള്ളു. വിദ്യാഭ്യാസം നിർബ്ബന്ധമാക്കണമെന്നുള്ള കായ്ത്തിൽ എനിക്കു വിരോധമാണുള്ളതു്.

Dr. A. R. Menon *(Minister for Rural Development)*: Sir, I do not think that this question requires any elaborate discussion, since on various occasions this question was discussed and substantial

LIBRARY ARCHIVES Kerala Legislative Assembly

majorities of this House passed this resolution that free compulsory primary education should be imparted to the children. A Committee was appointed some time ago to go into this question and I happened to be a member of the Committee. The result of that investigation was that while almost all the witnesses who came before us admitted the necessity for taking the necessary measures to widen the scope of education, they were not willing to bear any further taxation for the realisation of this object. In spite of the defects of the present system, it behoves us to recognise the ability, the energy and the resources of the Education Department presided over so ably by the present Director which enabled them in an ever-increasing measure to impart education without resorting to compulsion. I believe, it will not be called an exaggeration if we take the figure 75 per cent as literate among the school-going children. I admit 25 per cent is a very serious proportion which does not get the benefit of education. These 25 per cent constitute in certain localised areas, mainly in the Taluk from which I come. There, the great difficulty is, the description given by Mr. Krishnankutty does not apply for non-attendance of children. In those places which are mainly inhabited by the Tamil population of the Chittur Taluk, even well-to-do people do not desire to send their children to school. I can quite understand the argument adduced by Mr. Krishnankutty, arguments which are very difficult to meet, but the object of compulsion serves its purpose in tracts like the one that I have just now enumerated in this House. In those places there is a definite disinclination for sending their children to educational institutions. Perhaps in those localised areas, it will be a wise act on the part of the Government to resort to compulsion. This House must realise that, if it ever hopes to have a true democratic system of Government managed by the people for the people, the main condition precedent to the creation of such a state of affairs is the wide diffusion of knowledge among the population. Unless we succeed in giving education to the masses, it is foolish to talk of responsible representative system of Government in any country. That fact must be, that fundamental fact must be grasped by this House and if it is accepted, then, it is the duty of this House, as Mr. Ayyappan said, to give the Government the necessary financial facilities and help to resort to compulsion. There is no use of passing resolution here and then say that the Government are not responsive to the opinion, of the wishes and the desires of this House. It is the duty of this House to provide the necessary means to carry out the intentions of this House. The question arises, are you willing to levy, to impose, an educational cess upon the various items of taxation in this State? Are you willing to impose one anna

LIBRARY ARCHIVES Kerala Legislative Assembly

or one anna six pies in the rupee on the Excise revenue? Can any one complain if the price of toddy and arrack is raised by one pie per dose? *(Laughter)* Can any one reasonably complain that the poor man is hard hit? If it is so, the poor man gets the benefit in an indirect manner by ear-marking those amounts to the education of their own children?

Mr. K. Ayyappan *(Ezhuvas-Kanayannur):* Those who drink will complain.

Dr. A. R. Menon *(Minister for Rural Development):* Can we consider that this imposition is a penalty on them? But this House must consider all aspects of the question and without listening to the complaints of *A,B* or *C*, should take a comprehensive view of the situation, and if the House is satisfied that the time has come to tackle this measure in a serious manner, then, I believe, it is your duty to give that authority to Government to impose this educational cess. Similarly, what is the objection in putting up one anna in the rupee the income-tax revenue? In this way if you are willing—you can specify what items are—this is a question for you to be considered in detail. If this principle is accepted and if the House is willing to give that sanction to Government to impose this educational cess, then you are entitled to call upon the Government to tackle this problem in a very serious manner.

Sir, rich people say that they are over-burdened with additional taxation. Will any of you tell me how they made this money? Does the money fall from the sky? Who made the money?

Mr. A. B. Salem *(Mattancheri):* From the earth?

Dr. A. R. Menon *(Minister for Rural Development):* The sweat and blood of the poor man succeeded in making the money that enabled the rich man to horde his wealth.

Mr. Shabdai S. Koder *(Jews-Nominated):* What about the rich man's intelligence?

Dr. A. R. Menon *(Minister for Rural Development):* What about sometimes an intelligent rich man leaving money to an idiotic son? *(Laughter).*

I am not making any personal reflection. Nothing was farthest from my mind than to make a personal reference to you when I said that. Because of your interruption my statement might have been misunderstood. Anyway this does not apply to my friend Mr. Koder. But there are cases where moneys are handed over by hardworking men to a set of idiotic children who squander away the whole thing.

LIBRARY ARCHIVES Kerala Legislative Assembly

Take the history of people; all well-to-do men, all highly intellectual men, somehow or other beget idiots. What is the reason, nobody knows. Therefore that kind of argument is not proper. I say, the more the man has the greater the right the State has, over his wealth. Beyond a certain income, the State must step in and take a substantial portion of their income for public purposes *(Hear, hear.)* I am speaking in my individual capacity. I do not think it is time to press this motion today. Let the House think about these things and if you come to an agreement, come forward to this House with this proposition, move it, and when the Government spokesman says, "what am I to do, this proposition means money", you must say "we give you sanction to impose the necessary cess". I have not the least doubt, if you give the wherewithal to carry on this work, the Director and his department are capable of coping with this work, and nobody will be more pleased to undertake this work than the department itself. Therefore, I want the House to understand this aspect of the question in a very serious manner. Remember you are laying down the foundation for a system of government; the foundation will be wrotten, unless there is a high general level of education in the masses. Grasp that fundamental fact and then have the courage, irrespective as Mr. Ayyappan said, of the result at the polling booths, but come forward and express your views in a courageous manner and vote in a proper manner befitting the dignity of this House and the purpose which it has in view.

*__Rao Sahib I. N. Menon__ *(Director of Public Instruction):* Mr. President, Sir, it is very unfortunate for me personally that I have very little space in which to attempt a discussion of this very important and very interesting subject. Although I am convinced of the absolute sincerity of the Hon'ble Mover of this resolution, I may be forgiven if I say that as far as Cochin is concerned compulsory primary education has more than an academic interest. Countries which have resorted to compulsion in the matter of elementary education are usually countries which have got very poor school attendance. In the middle of the last century, for instance, when England first thought of resorting to compulsion the school attendance was below 50 per cent. When some of the Indian States than Cochin resorted to compulsion, their attendance was far below 40 per cent of the school-going population. In our case—I am not exaggerating facts, but simply relying on statistics collected by the department—more than 80 per cent of our boys of school-going age are under effective instruction and more than 70 per cent of our girls again of

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

school-going age are under effective instruction *(Hear, hear)*. It is quite true that in a country as advanced as Cochin even the 25 and 30 per cent that are left over must sometime or other be brought into the pale of our schools. That is a different subject.

I said the question of compulsion at the moment is of academic interest, because we have to resort to compulsion mainly when other sources have failed. The substitute and a very effective substitute in an educated country for compulsion is persuasion.

Mr. K. Ayyappan *(Ezhuvas-Kanayannur):* Is not primary education compulsory in England now?

Dr. A. R. Menon *(Minister for Rural Development):* Yes, not only in England, everywhere.

Rao Sahib I. N. Menon *(Director of Public Instruction):* Yes.

Mr. K. Ayyappan *(Ezhuvas-Kanayannur):* Why is it so?

Rao Sahib I. N. Menon *(Director of Public Instruction):* There are reasons. I am prepared to give you the reasons. Now, the reason why elementary education has been made compulsory in other countries especially in countries like England is that England wishes to keep under the influence of the teacher and under the influence of the school a boy till he attains a certain age. It is not merely a quantum of knowledge that is to be pumped in but also the years of pre-descretion during which a child should be under the influence of teachers. That is why at the early stage compulsion was enforced till the child attained 11 years of age. Later on, the age was raised to 12, 13, 14 and then 15. Now it is about 17. I am not saying even as regards Cochin compulsion will not serve useful purpose. But at the same time we have to study the balance of advantages and disadvantages in a practical question like this.

In 1111, we had a private Bill to implement this desire of the House to introduce compulsion in the field of elementary education. A special committee was appointed on which, as the Hon'ble Minister just said, he was also a member. We went round and collected evidence. We found that on the whole there is a general desire to have more schools so that more children may be sent to schools. In other words, there was an evident feeling that the Government had not provided adequate school buildings to the children who were willing to attend schools. Some complained that schools were still far away from their homes. They also said that the schools must be within one mile of the child's home and that otherwise that child will have to be exempted.

LIBRARY ARCHIVES Kerala Legislative Assembly

Now, Sir, by my researches on this committee, I was lead to believe that what is really lacking is not compulsion, but a more extended provision of educational facilities as far as Cochin is concerned. Even without compulsion Government do that. Not satisfied with this hypothesis I tried an experiment with persuasion and selected an area round about Kodakara and carried on a kind of vigorous propaganda on behalf of the Education Department for a month preceding the opening of a new session, and I found that our few schools could not hold even 50 per cent of the children who sought admission. Strictly speaking, even if compulsion in the field of education is to be applied, it should be applied on the Government to provide more school buildings *(Hear, hear)*. And if this was done and if you still feel that 25 per cent still stood away from the schools, I am responsible to this House to bring forward a Bill for compelling education.

മിസ്റ്റർ ടി. കെ. നായർ : ഈ ഉദ്ദേശമില്ലെ അതിൽ നിങ്ങൾക്കു് ?

റാവുസാഹിബു് ഐ. എൻ. മേനോൻ : സ്കൂൾകുട്ടികളേയും പഠിപ്പിക്കണമെന്ന ഹോപ്പിൽ ഉണ്ടാക്കിയതല്ല.

മിസ്റ്റർ ടി. കെ. നായർ : കൊടകരയിൽ സ്കൂൾ സ്ഥാപിച്ചിട്ടുള്ളതിനു സപ്ലൈസുണ്ടോ ?

റാവുസാഹിബു് ഐ. എൻ. മേനോൻ : അവിടെയുള്ള ക്ലാസ്സുകളിലൊക്കെ സൌകര്യമുണ്ടാക്കിട്ടുണ്ടു്.

മിസ്റ്റർ ടി. കെ. നായർ : അങ്ങിനെ കുറേശ്ശെ തുടങ്ങിയാൽമതി.

Rao Sahib I. N. Menon *(Director of Public Instruction):* We are doing it little by little. If the Hon'ble Member seeks to achieve in 24 hours what any reasonable Government will take at least a dozen years, it is extremely difficult.

Dr. A. R. Menon *(Minister for Rural Development):* Does it apply to the Tamil tracts also?

Rao Sahib I. N. Menon *(Director of Public Instruction):* Short of compulsion, we are carrying on a vigorous propaganda which has been very fruitful. The difficulty was not merely in compelling elementary education as it exists to-day. We have also to prolong it, because there can be no Compulsory Elementary Education Act which leaves out the most impressionable age of the child. It has to begin at 6 and end at 12. It has also been studied by the Committee and they found by actual calculation that the additional expenditure which Government will have to incur was certainly not commensurate with the advantages, but certainly it

LIBRARY ARCHIVES Kerala Legislative Assembly

looked unnecessary in the present state of our educational advancement. We can rest more on persuasion than on compulsion.

I do not wish to speak much longer on the question of taxation. It is all very well for the Hon'ble Members to say "tax"; Tax everybody if you like or tax the rich if the other is impossible. I ask the Hon'ble Members of this House for an answer with an adequate sense of responsibility. Granting that we are prepared to levy an additional tax, is this the opportune time to resort to such a taxation? Whatever be the incidence of taxation, the exact nature and extent of the tax which you are going to levy, whether it is going to be a local rate *per capita* or whether it is going to be a special tax as on excise or as in the case of Elementary Education Tax in England? At any rate it is not the time when we should resort to additional taxation, even granting that those who are going to pay are rich. We have got other uses of the money, more incessant needs.

Mr. A. B. Salem *(Mattancheri):* What is the cost that you worked out in the Committee?

Rao Sahib I. N. Menon *(Director of Public Instruction):* Apart from the initial cost we require an additional recurring cost of about 3½ lakhs. I am only taking an average for the next 10 years. There is additional cost, the buildings and equipments—we shall have to provide additional accommodation for nearly a lakh of children in our schools and that is not going to be a very small figure. Now what we really notice is that the elementary education as it exists is inadequate. There is need for reform in our elementary education. We have to prolong the period to at least six years. We have to improve the quality if our children are not to go into illiteracy after they leave the portals of the schools. The main trouble here, Sir, is the wastage in education. A child who comes to the school and admitted into the first class goes probably to the second and never sees any further class for reasons which are not under the control of this or any other department of administration. There is the question of economic pressure. Unless along with the educational compulsion you resort to other ameliorative measures of economic reform, it will be very difficult to work this without considerable hardship to the poor.

Sir, it will be a great mistake if the Hon'ble Mover who moved the resolution goes away with the impression that this Government are not in favour of universal primary education. I avoid the word "compulsion" because I am pinning my attention more to the object of this act which is universal primary education. They are quite willing and as a matter of fact they have been making every effort

LIBRARY ARCHIVES Kerala Legislative Assembly

short of compulsion to achieve this. More than 55% of our educational expenditure is on elementary schools. Government have used every resource short of compulsion.

In regard to the very poor and Backward Classes Government are trying to give educational supplies like books and slates, still in inadequate quantities. With all these problems unresolved, I do not think it is fair on the part of this House to rush the Government to undertake this additional responsibility of compulsion, because it is absolutely no use placing this on the statute book unless Government are in a position to implement it at least in a few localities. There is no use in adorning the Statute Book with this additional expression of our sense of democratic responsibility unless we are prepared to foot the bill. This is hardly the time when we could go to the public and ask them to foot the bill. That is the only reason why the Government are not in favour of resorting to compulsion at this moment. They are in complete agreement with the object of the Hon'ble Mover that universal primary education should be given free. They concede that in over-crowded cities like Mattancheri the result of ignorance appear in a more aggravated form than in rural areas; the slum problem is essentially an off-shoot of ignorance combined with economic devastation. In spite of all these Government feel that they would be undertaking a responsibility which they will not be justified in undertaking at the present moment, when all our energies, both spiritual and economic are being taxed to the full. While, therefore, agreeing with the Hon'ble Mover, it will be a very highly desirable thing to have universal primary education. Government feel that the sinews of war do not permit the acceptance of this resolution, namely, compulsory primary education.

The discussion was not over when the House adjourned sine die at 5-15 p.m.

C. J. MATHEW

Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly